## പതിനൊന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

### 2003 ജൂണ്‍ 17-ാം തീയതി ചൊവ്വാഴ്ച

### വാങ്മൂലം മറുപടി നല്‍കേണ്ട ചോദ്യങ്ങള്‍

### (ആകെ ചോദ്യങ്ങള്‍ -30)


31. കേടായ വാട്ടര്‍ മീറ്റര്‍ നന്നാക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന് നടപടി
32. മല്‍സ്യബന്ധന നിരോധനം മൂലം ജോലി നഷ്ടപ്പെടുന്ന മല്‍സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് പദ്ധതി
33. അച്ചന്‍കോവില്‍, ചെളിക്കല്ലാര്‍, വാക്കല്ലാര്‍ പദ്ധതികള്‍ക്ക് അനുമതി
34. പട്ടികജാതി/പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്കുള്ള സംവരണവും വിദ്യാഭ്യാസ ആനുകൂല്യവും
35. വൈദ്യുതി ബോര്‍ഡിന്റെ നഷ്ടത്തിനുള്ള കാരണങ്ങള്‍
36. പവര്‍ ഹൈവേ
37. മണ്‍സൂണ്‍കാല ട്രോളിംഗ് നിരോധനം
38. കെ. റ്റി. ഡി. സി. പങ്കെടുത്ത രാജ്യാന്തര ടൂറിസ്റ്റ് മേളകള്‍
39. വിനോദസഞ്ചാര വികസനത്തിന് സ്ഥലം നല്‍കുന്ന നടപടി
40. ജിം-ല്‍ ടൂറിസം വകുപ്പ് അവതരിപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങള്‍
41. ഗസ്റ്റ് ഹൗസുകള്‍ സര്‍ക്കാരിതര സ്ഥാപനങ്ങള്‍ക്ക് നല്‍കുന്ന നടപടി
42. ആദിവാസി സമരത്തിനാധാരമായ കാര്യങ്ങള്‍
43. വിദേശികളുടെ ഗിരിവര്‍ഗ്ഗ മേഖലാ സന്ദര്‍ശനം
44. വൈദ്യുതി മോഷണം ഫലപ്രദമായി തടയുന്നതിന് പുതിയ സംവിധാനം
45. ഫിഷറീസ് റോഡുകളുടെ നിര്‍മ്മാണം
46. വൈദ്യുതോല്‍പ്പാദന വര്‍ദ്ധനവിന് സ്വീകരിച്ച നടപടികള്‍
47. ശുദ്ധജലവിതരണത്തിന് പബ്ലിക് ടാപ്പുകള്‍
48. ഗ്രാമീണ വിനോദസഞ്ചാര വികസന പദ്ധതി
49. കുടിവെള്ളത്തിന്റെ ഉല്‍പ്പാദനച്ചെലവ് കണക്കാക്കുന്ന ഘടകങ്ങള്‍
50. അട്ടപ്പാടിയിലെ ആദിവാസികള്‍ക്കിടയില്‍ പടരുന്ന ലൈംഗിക രോഗങ്ങള്‍
51. മണ്‍സൂണ്‍കാലത്തെ സമ്പൂര്‍ണ്ണ മത്സ്യബന്ധ നിരോധനം
52. മുത്തങ്ങയിലെ ആദിവാസി കുടുംബങ്ങളെ സംരക്ഷിക്കാന്‍ നടപടി
53. പില്‍ഗ്രിം ടൂറിസം
54. വൈദ്യുതിരംഗത്ത് വരുത്തേണ്ട മാറ്റങ്ങള്‍
55. ആദിവാസി ആരോഗ്യ പരിരക്ഷാ പദ്ധതി
56. പട്ടികജാതി-പട്ടികവര്‍ഗ്ഗ വിഭാഗങ്ങളുടെ ആനുകൂല്യം ലഭിക്കുന്നതിനര്‍ഹരായവരെ ഒഴിവാക്കിയ നടപടി
57. പവ്വര്‍ പര്‍ച്ചേസ് എഗ്രിമെന്റ്
58. ടൂറിസം മേളകളും ഉത്സവങ്ങളും
59. വൈദ്യുതി പ്രതിസന്ധി പരിഹരിക്കാന്‍ നടപടി
60. 'പാലസ് ഓണ്‍ വീല്‍സ്' എന്ന വിനോദസഞ്ചാര തീവണ്ടി കേരളത്തിലോടിക്കുന്നതിന് നടപടി


### കേടായ വാട്ടര്‍ മീറ്റര്‍ നന്നാക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന് നടപടി

31. ശ്രീ. യു. സി. രാമന്‍ :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. സി. മോയിന്‍ കുട്ടി :
ശ്രീ. കളത്തില്‍ അബ്ദുള്ള :
ശ്രീ. ടി. പി. എം. സാഹിര്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കേരള വാട്ടര്‍ അതോറിറ്റി സംസ്ഥാനത്ത് വെള്ളക്കരം ഏറ്റവും ഒടുവില്‍ നിശ്ചയിച്ചതെപ്പോഴാണ്;

(ബി) ഗാർഹികാവശ്യങ്ങൾക്കും മറ്റാവശ്യങ്ങൾക്കും അവസാനമായി നിശ്ചയിച്ച നിരക്ക് എപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഉപഭോക്താക്കളുടെ വീടുകളിലും മറ്റ് സ്ഥാപനങ്ങളിലും സ്ഥാപിച്ചിരിക്കുന്ന വാട്ടർ മീറ്ററിന് വാടക ഈടാക്കുന്നുണ്ടോ; എങ്കിൽ അത് എന്നു മുതൽ; എന്തു തുക വീതം;

(ഡി) ഏതെങ്കിലും അവസരത്തിൽ മീറ്റർ വാടക പിരിവ് നിറുത്തി വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ;

(ഇ) വാടകയായി പിരിച്ചിരുന്ന തുക മറ്റേതെങ്കിലും പേരിൽ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നുണ്ടോ;

(എഫ്) ഇപ്പോൾ കേടായ വാട്ടർ മീറ്റർ മാറ്റിവയ്ക്കുന്ന ചുമതലയും അതിനുള്ള ചെലവും ഉപഭോക്താക്കൾ തന്നെ വഹിക്കണമെന്ന് വാട്ടർ അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) കേടായ മീറ്ററുകൾ നന്നാക്കാനോ മാറ്റിവയ്ക്കാനോ ഉള്ള ഉത്തരവാദിത്വം വാട്ടർ അതോറിറ്റി തന്നെ എടുക്കണമെന്നുള്ള നിർദ്ദേശം വാട്ടർ അതോറിറ്റിക്ക് നൽകുമോ?

**<u>ഉത്തരം</u>**

**ശ്രീ. ടി. എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി) :-**

(എ) ഏറ്റവും ഒടുവിൽ പുതുക്കി നിശ്ചയിച്ചത് 1-4-99-ൽ ആണ്.

(ബി) വിശദവിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.

(സി) വാട്ടർ അതോറിറ്റിയുടെ ചെലവിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾക്ക് വിവിധതരം ഉപഭോക്താക്കളിൽ നിന്നും 5 രൂപ മീറ്റർ വാടക ഈടാക്കി വന്നിരുന്നത്. 1-4-99 മുതൽ 10 രൂപയായി വർദ്ധിപ്പിച്ച് ഈടാക്കി വരുന്നു. ഉപഭോക്താവിന്റെ ചെലവിൽ സ്ഥാപിക്കുന്ന മീറ്ററകൾക്ക് മീറ്റർ പരിശോധന ചാർജ്ജ് ആയി 2 രൂപ ഈടാക്കുന്നുണ്ട്.

(ഡി) മീറ്റർ വാടക ഈടാക്കുന്നത് ഒരു ഘട്ടത്തിലും നിറുത്തിവച്ചിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ഉണ്ട്. നിലവിലുള്ള വാട്ടർ സപ്ളൈ റഗുലേഷൻ പ്രകാരം കേടായ മീറ്ററുകൾ ഉപഭോക്താക്കൾ തന്നെ മാഅററി സ്ഥാപിക്കേണ്ടതാണ്.

(ജി) കേരള വാട്ടർ അതോറിറ്റിയുടെ ഇപ്പോഴത്തെ സാംപത്തിക നില പരിഗണിച്ചും ഇതിനായി മതിയായ സംവിധാനങ്ങൾ ഇപ്പോൾ അതോറിറ്റിയിൽ നിലവിലില്ലാത്തതിനാലും പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തും ഇപ്പോഴത്തെ അവസ്ഥയിൽ ഇങ്ങനെയൊരു ഉത്തരവാദിത്വം കൂടി ഏറ്റെടുക്കാൻ നിർദ്ദേശം നൽകാൻ നിർവ്വാഹമില്ല.

**<u>മൽസ്യബന്ധന നിരോധനം മൂലം ജോലി നഷ്ടപ്പെടുന്ന മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് പദ്ധതി</u>**

32. ശ്രീ. പി. നാരായണൻ :

ശ്രീ. മങ്കോട് രാധാകൃഷ്ണൻ :

ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ സീസണിൽ സമ്പൂർണ്ണ മൽസ്യബന്ധന നിരോധനം ഏർപ്പെടുത്തുവാനുള്ള കേന്ദ്ര പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് സമ്മതം നൽകിയിട്ടുണ്ടോ;

(ബി) കേരള തീരത്തെ മൽസ്യ സമ്പത്തിനെക്കുറിച്ചുള്ള പഠനങ്ങളിൽ സമ്പൂർണ്ണ മൽസ്യബന്ധന നിരോധനം ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) മൽസ്യബന്ധന നിരോധനം മൂലം ജോലി നഷ്ടപ്പെടുന്ന മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**പ്രൊഫ. കെ. വി. തോമസ് (മത്സ്യബന്ധനവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) ഇല്ല.

(സി) കേരള സർക്കാർ ഏർപ്പെടുത്തിയ ട്രോളിംഗ് നിരോധന കാലത്ത് സംപാദ്യ സമാശ്വാസ പദ്ധതി പ്രകാരം മത്സ്യതൊഴിലാളികൾക്ക് പ്രതിമാസം 300 രൂപ ഏപ്രിൽ മേയ്,

ജൂൺ, ജൂലൈ മാസങ്ങളിൽ നൽകുന്നുണ്ട്.

**<u>അച്ചൻകോവിൽ, ചെളിക്കല്ലാർ, വാക്കല്ലാർ പദ്ധതികൾക്ക് അനുമതി</u>**

33. ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡി. സുഗതൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ) അച്ച(ൻകോവിൽ, ചെളിക്കല്ലാർ, വാക്കല്ലാർ എന്നീ പദ്ധതികൾക്ക് അനുമതി നൽകണമെന്ന് കേന്ദ്രത്തോട് എന്നാണ് ആവശ്യപ്പെട്ടത്;

(ബി) ഇക്കാര്യത്തിൽ കേന്ദ്രം എന്തെങ്കിലും വിശദീകരണം തേടിയോ; എങ്കിൽ വിശദീകരണം കൊടുത്തുവോ;

(സി) ഈ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുവാൻ എന്തെല്ലാം നടപടികളെടുത്തു;

(ഡി) ഇവയ്ക്ക് അംഗീകാരം നൽകാത്തതിനുള്ള കാരണം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു മറുപടി കിട്ടിയെന്ന് അറിയിക്കുമോ;

(ഇ) അച്ചൻകോവിൽ-പമ്പാ നദികളിൽനിന്നും തമിഴ്നാട് വെള്ളം ചോർത്തുന്നതും ഈ പദ്ധതികൾക്ക് അനുമതി നൽകാത്തതും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :-**

(എ) യും (ബി)യും പ്രസ്തുത പദ്ധതികൾ കേന്ദ്രത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സംബന്ധമായ ഒരു വർഷം നീളുന്ന പഠനം നടത്തിയാണ് പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിക്കേണ്ടത്. പ്രസ്തുത പഠനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി)യും (ഇ) യും.

ചോദ്യം ഉദിക്കുന്നില്ല.

**<u>പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സംവരണവും വിദ്യാഭ്യാസ ആനുകൂല്യവും</u>**

34. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക-സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് സംവരണം ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളിൽ സംവരണം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ അധ്യയന വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി എന്തൊക്കെ വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഭീമമായ ഫീസുകൊടുത്ത് പഠിക്കാൻ നിവൃത്തിയില്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്വാശ്രയ പ്രൊഫഷണൽ കോളേജിൽ പ്രവേശനം ലഭിച്ചാൽ പഠനം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ഡോ. എം. എ. കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി) :-**

(എ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് 8% സീറ്റുകളും പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 2% സീറ്റുകളും കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിൽ സംവരണം ചെയ്തിട്ടുണ്ട്. ഇത് ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലാതല പട്ടികവിഭാഗം ഓഫീസർമാർക്കും വിദ്യാഭ്യാസ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവേശനം സംബന്ധിച്ച്

എന്തെങ്കിലും പരാതികൾ കുട്ടികൾക്കോ രക്ഷിതാക്കൾക്കോ ഉണ്ടെങ്കിൽ അതാത് രേഖാമൂലം ജില്ലാതല പട്ടികജാതി വികസന ഓഫീസർമാരെ അറിയിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച മെഡിക്കൽ, എൻജിനീയറിംഗ് കോളേജുകളിൽ ഇക്കഴിഞ്ഞ രണ്ട് അധ്യയനവർഷങ്ങളിലും ഈ വിഭാഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ടിരുന്ന സീറ്റുകൾ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന എല്ലാപേരേയും കൗൺസിലിംഗിന് പങ്കെടുപ്പിച്ചുകൊണ്ട് നികത്തിയിട്ടുണ്ട്.

(സി) പുതിയ അധ്യയന വർഷത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ലംപ്സം ഗ്രാന്റും 4 മാസത്തെ സ്റ്റൈപ്പന്റും ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് 4 മാസത്തെ മെസ് അലവൻസും മുൻകൂറായി നൽകിവരുന്ന അപേക്ഷകൾ ലഭിച്ചശേഷം പരിശോധന നടത്തി ബാക്കി കാലയളവിലേക്കുള്ള മുഴുവൻ ഫീസും അനുവദിച്ചു നൽകുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സംഗ്രാന്റിനും പ്രതിമാസ സ്റ്റൈപ്പന്റിനും പുറമെ മുഴുവൻ ഫീസാനുകൂല്യങ്ങൾ, പാഠ്യപദ്ധതിയുടെ ഭാഗമായുള്ള പഠനപര്യടന ചെലവുകൾ, അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവർക്ക് യഥാർത്ഥ താമസ-ഭക്ഷണ ചെലവുകൾ, പോക്കറ്റ്മണി എന്നിവ അനുവദിച്ചു നൽകുന്നുണ്ട്.

(ഡി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസസ്ഥാപനം ആവശ്യപ്പെടുന്ന മുഴുവൻ ഫീസുകളും നൽകിവരുന്നു. കൂടാതെ ഈ വിഭാഗക്കാർക്ക് ലംപ്സംഗ്രാന്റും സ്റ്റൈപന്റും അനുവദിച്ചു നൽകി വരുന്നുണ്ട്. കൂടാതെ അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവും അർഹതപ്പെട്ട പോക്കറ്റ് മണിയും അനുവദിച്ച് നൽകി.

## <u>വൈദ്യുതി ബോർഡിന്റെ നഷ്ടത്തിനുള്ള കാരണങ്ങൾ</u>

35. ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം സംസ്ഥാനത്ത് ജല, താപ, ഡീസൺ എന്നി മേഖലകളിൽ ഉൽപ്പാദിപ്പിച്ച് വൈദ്യുതിയുടെ അളവ് എത്ര യൂണിറ്റ് വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതിയുടെ ഉപഭോഗത്തിന് വിവിധ താരിഫുകളിൽ യൂണിറ്റിന് ഈടാക്കുന്ന വിലയെന്ത്;

(സി) നിലവിലുള്ള താരിഫ് പ്രകാരം വൈദ്യുതി വിതരണം ചെയ്തതിനാൽ ബോർഡിന് ന ഇല്ലെങ്കിൽ വൈദ്യുതി ബോർഡിന്റെ നഷ്ടത്തിനുള്ള കാരണങ്ങൾ എന്തൊക്കെയെന്നു കൂടി വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :-**

(എ) 2002-2003 ൽ സംസ്ഥാനത്ത് ജല, താപ, ഡീസൽ എന്നീ മേഖലകളിൽ ഉൽപാദിപ്പിച്ച വൈദ്യുതിയുടെ അളവ് താഴെ ചേർക്കുന്നു.

| | |
|---|---|
| ജലവൈദ്യുതി – | 4866.1416 എം. യു |
| ഡീസൽ (ബി.ഡി പി.പി + കെ ഡി.പി.പിഃ – | 653.9460 എം.യു |
| താപവൈദ്യുതി (ബി.എസ്.ഇ.എസ്, എൻ.റ്റി.പി.സി. കെ.പി.സി.എൽ)– | 2570.6132 എം.യു |
| | 8090.7008 എം.യു |

വിശദവിവരം
അനുബന്ധം – 1 ആയി ചേർത്തിരിക്കുന്നു.

(ബി) മറുപടി അനുബന്ധം–2 ആയി ചേർത്തിരിക്കുന്നു.

(സി) + (ഡി) ഉണ്ട്. കൂടാതെ 2002–2003 സാംപത്തിക വർഷത്തിൽ മഴയിലുണ്ടാകുന്ന കുറവുമൂലം താപവൈദ്യുതി വാങ്ങുന്നതിനും ഉൽപ്പാദിപ്പിക്കുന്നതിനും ോതാണ്ട് ഏകദേശം 500 കോടിയുടെ അധിക ചെലവു വന്നതും, കടബാദ്ധ്യതകൾ തിരിച്ചടക്കുന്നതിനായി 538 കോടി രൂപ അധികച്ചെലവ് വന്നതും നഷ്ടം കൂടുന്നതിന് മുഖ്യ കാരണങ്ങളാണ്.

## പവർ ഹൈവേ

36. പ്രൊഫസർ എ. ഡി. മുസ്തഫ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പവർ ഹൈവേ അനുവദിച്ചുകിട്ടിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഹൈവേയുടെ ദൈർഘ്യം എവിടം മുതൽ എവിടം വരെയാണ്;

(സി) ഹൈവേ പോകുന്നത് ഏതെല്ലാം നഗരങ്ങളെ ബന്ധിച്ചു കൊണ്ടാണ്;

(ഡി) പവർ ഹൈവേ കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :-**

(എ) പത്താംപദ്ധതിയിൽ നിലവിൽ വരുന്നകൂടങ്കുളം ആണവ നിലയത്തിൽ നിന്നും പതിനൊന്നാം പദ്ധതിയിലുള്ള കായംകുളം സൂപ്പർ തെർമൽപവർ സ്റ്റേഷനിൽ നിന്നുമുള്ള വൈദ്യുതി, പ്രസരണം ചെയ്യുന്നതിന്റെ ഭാഗമായി ഒരു 400 കെ.വി. പവർ ഹൈവേയ്ക്ക് പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ രൂപം നൽകിവരുന്നു. പ്രസ്തുത പദ്ധതി അംഗീകരിച്ചു കിട്ടുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പള്ളിപ്പുറം (തിരുവനന്തപുരം) മുതൽ അഴീക്കോട് (മലപ്പുറം) വരെയാണ് ഹൈവേയുടെ ദൈർഘ്യം

(സി) പള്ളിപ്പുറം (തിരുവനന്തപുരം), ഇടമൺ, മൂവാറ്റുപുഴ, അരിക്കോട് എന്നിവിടങ്ങളിൽ പുതുതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 400 കെ.വി. സബ്സ്റ്റേഷനുകളേയും മാടക്കത്തറ (തൃശ്ശൂർ) 400 കെ.വി സബ്സ്റ്റേഷനേയും ആണ് പ്രസ്തുത ഹൈവേ ബന്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും കേരളത്തിലേക്ക് ലഭിക്കുന്ന വൈദ്യുതി കാര്യക്ഷമതയോടെ, കേരളം മുഴുവനും പ്രസരണം ചെയ്യുവാൻ ഈ പവർ ഹൈവേ ഉപകരിക്കും. കൂടാതെ കേരളത്തിലെ പ്രസരണ നഷ്ടം കുറയ്ക്കുവാനും വോൾട്ടേജ് വർദ്ധിപ്പിക്കാനും, പ്രസരണ മേഖലയിലെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനും ഇത് സഹായിക്കും. ഭാവിയിൽ കേരളത്തിന് ലഭിക്കുന്ന വർദ്ധിപ്പിച്ച കേന്ദ്ര വിഹിതം ഈ പവർ ഹൈവേ വഴി സ്വീകരിക്കുവാൻ സാധിക്കുന്നു.

## മൺസൂൺകാല ട്രോളിംഗ് നിരോധനം

37. ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺകാല ട്രോളിംഗ് നിരോധനം സംസ്ഥാനത്ത് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ സംസ്ഥാനത്ത് എത്ര ദിവസത്തെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ബന്ധപ്പെവരുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശാംശം വെളിപ്പെടുത്തുമോ;

(എഫ്) ട്രോളിംഗ് നിരോധനകാലത്ത് വൻകിട മൽസ്യബന്ധന ബോട്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള മൽസ്യബന്ധനം നടത്തുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ജി) ട്രോളിംഗ് നിരോധന സമയത്ത് മൽസ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് ( ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ഇൻഡ്യയുടെ പശ്ചിമതീരത്തെ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിൽ 2003 ജൂൺ 10 മുതൽ ആഗസ്റ്റ് 15 വരെ ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം പൂർണ്ണമായി നിരോധിച്ചുകൊണ്ട് കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ മേഖലയിൽക്കൂടി സമ്പൂർണ്ണ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തണമെന്ന നിർദ്ദേശം ഉണ്ട്.

(സി)&(ഡി) ഇക്കൊല്ലം നടപ്പിലാക്കിയിട്ടില്ല. എല്ലാക്കൊല്ലവും പതിവുള്ളതുപോലെ ജൂൺ 15 മുതൽ ജൂലായ് 29 വരെ 45 ദിവസത്തെ ട്രോളിംഗ് നിരോധനമാണ് കേരളത്തിന്റെ ടെറിട്ടോറിയൽ സമുദ്രമേഖലയിൽ ഏർപ്പെടുത്തിയിരിക്കുന്നത്.

(ഇ) ചർച്ച നടത്തിയിട്ടുണ്ട്. 13–5–2003, 23.5.2003, 30.5.2003, 6.6.2003, 12.6.2003 എന്നീ തീയതികളിൽ മന്ത്രിതല ചർച്ചകൾ നടന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളി സംഘടനാ നേതാക്കൾ, ബോട്ടുടമകളുടെ പ്രതിനിധികൾ, ഫിഷറീസ് പോളിസി സബ്കമ്മിറ്റി അംഗങ്ങൾ, ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുമായി 2003–ലെ മൺസൂൺ കാലത്ത് ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്.

(എഫ്) 2003 ജൂൺ 10 മുതൽ ആഗസ്റ്റ് 15 വരെ ആഴക്കടൽ മത്സ്യബന്ധനം നിരോധിച്ചുകൊണ്ട് കേന്ദ്രസർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധന നിരോധനം ഫലപ്രദമായി നടപ്പിലാക്കാനുള്ള ചുമതല കോസ്റ്റ് ഗാർഡിനാണ്. കോസ്റ്റ് ഗാർഡിന്റെ ബോട്ടുകൾ പട്രോളിംഗ് നടത്തി നിരോധനം ലംഘിക്കുന്നവരുടെ പേരിൽ നടപടികൾ എടുക്കുന്നതാണ്. സംസ്ഥാനത്തിന്റെ തീരക്കടലിൽ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ട്രോളിംഗ് നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ബോട്ടുകൾ വാടകയ്ക്ക് എടുത്ത വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകളിലും പൊന്നാനി, കാസർഗോഡ്, എന്നിവിടങ്ങളും കേന്ദ്രീകരിച്ച് ശക്തമായ പട്രോളിംഗ് നടത്തുന്നതാണ്. എല്ലാ കേന്ദ്രങ്ങളിലും മറൈൻ എൻഫോഴ്സ്മെന്റ് പോലീസിനോടൊപ്പം ലോക്കൽ പോലീസിന്റെ സേവനവും ലഭ്യമാക്കുന്നതാണ്.

(ജി) സമ്പാദ്യ ആശ്വാസപദ്ധതി പ്രകാരം ഏപ്രിൽ, മേയ്. ജൂൺ, ജൂലായ് മാസങ്ങളിൽ പ്രതിമാസം 300 രൂപ വീതം സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നുണ്ട്. സമ്പൂർണ്ണ മത്സ്യബന്ധന നിരോധനം നടപ്പിലാക്കാത്ത സാഹചര്യത്തിൽ മറ്റു പദ്ധതികളൊന്നും തൽക്കാലം നിലവിലില്ല.

**<u>കെ. റ്റി. ഡി. സി. പങ്കെടുത്ത രാജ്യാന്തര ടൂറിസ്റ്റ് മേളകൾ</u>**

38. ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ലൂഡി ലൂയീസ് :

ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. വി. ബാലറാം:

ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം നടന്ന ഏതെല്ലാം രാഷ്ട്രാന്തര ടൂറിസ്റ്റ് മേളകളിൽ കെ.റ്റി.ഡി.സി. പങ്കെടുത്തിട്ടുണ്ട്;

(ബി) ഏതെല്ലാം മേളകളിൽ സംസ്ഥാനത്തിന് സമ്മാനം നേടാൻ കഴിഞ്ഞു;

(സി) സംസ്ഥാനത്തെ ഏതെല്ലാം കാര്യങ്ങളെപ്പറ്റി ഏതെല്ലാം വിദേശ രാഷ്ട്രങ്ങളിൽ നിന്ന് ഈ മേളകളിൽ ട്രെയിഡ് എൻക്വയറി ഉണ്ടായി;

(ഡി) ഇത് മുന്നോട്ടു കൊണ്ടുപോകുവാൻ എന്തെല്ലാം അനന്തര നടപടികൽ സ്വീകരിച്ചു; കെ.റ്റി.ഡി.സി.ക്ക് ഇതുമൂലം എത്ര ബിസിനസ് കൂടുതലായി ലഭിച്ചു?

**<u>ഉത്തരം</u>**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കെ.റ്റി.ഡി.സി. താഴെപ്പറയുന്ന രാഷ്ട്രാന്തര ടൂറിസ്റ്റുമേളകളിൽ പങ്കെടുത്തിട്ടുണ്ട്. ഡബ്ള്യൂ.ടി.എം. (ലണ്ടൻ), എ.ടി.എം.(ദുബായ്-2001), ഐ.ടി.ബി-ബർലിൻ, എ.ടി.എം.ദുബായ്, ഡബ്ള്യൂ.ടി.എം.-ലണ്ടൻ(2002), ഐ.ടി.ബി.-ബർലിൻ, എ.ടി.എം-ദുബായ്(2003).

(ബി) സംസ്ഥാന ഗവൺമെന്റിന് വിനോദസഞ്ചാര മേഖലയിലുള്ള മികവിനും സംഭാവനയ്ക്കുമായി അഞ്ച് അന്താരാഷ്ട്ര അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

(സി) കെ.റ്റി.ഡി.സി.യുടെ പ്രമുഖ ഹോട്ടലുകളിലേക്ക് താമസ സൗകര്യത്തിനുവേണ്ടി ജർമ്മനി, ഇംഗ്ളണ്ട്, ഫ്രാൻസ്, അമേരിക്ക, ദുബായ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ധാരാളം അന്വേഷണങ്ങളും ബുക്കിംഗുകളും ലഭിച്ചുവരുന്നു.

(ഡി) വരും വർഷങ്ങളിലും രാജ്യാന്തര പ്രശസ്തങ്ങളായ മേളകളിൽ കെ.റ്റി.ഡി.സി. പങ്കെടുക്കുവാനും അതുവഴി കെ.ടി.ഡി.സി.യുടെ വിവിധ ഹോട്ടലുകളെപ്പറ്റി പ്രചാരം നൽകുവാനും കഴിയും. ഇപ്പോൾതന്നെ കെ.ടി.ഡി.സി.യുടെ പ്രമുഖ ഹോട്ടലുകളിലേക്ക് വിവിധ വിദേശ രാജ്യങ്ങളിൽ നിന്ന് ധാരാളം റൂം റിസർവേഷനുകൾ ലഭിച്ചുവരുന്നു. ഏകദേശം 63 ലക്ഷത്തോളം രൂപ കെ.ടി.ഡി.സി.ക്ക് റൂം ബുക്കിംഗ്, ഭക്ഷണം തുടങ്ങിയവയിൽ നിന്ന് വരുമാനം ലഭിച്ചതായി കണക്കാക്കുന്നു.

## <u>വിനോദസഞ്ചാര വികസനത്തിന് സ്ഥലം നൽകുന്ന നടപടി</u>

39. ശ്രീ. കെ. മുഹമ്മദാലി:

ശ്രീ. എം. എ. ചന്ദ്രശേഖരൻ :

ശ്രീ. ടി. യു. രാധാകൃഷ്ണൻ :

ശ്രീ. എം. മുരളി :

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റ് േതെല്ലാം ഹോട്ടൽ ഗ്രൂപ്പുകൾക്ക് വിനോദ സഞ്ചാര വികസനത്തിന്റെ പേരിൽ സ്ഥലം നൽകുവാൻ തീരുമാനമെടുത്തിരുന്നു; എവിടെയെല്ലാം;

(ബി) എത്ര സ്ഥലം വീതം അവർക്ക് നൽകാനാണ് തീരുമാനിച്ചിരുന്നത്;

(സി) എന്തെല്ലാം വ്യവസ്ഥകളിലാണ് പ്രസ്തുത സ്ഥലം നൽകുന്നതിന് തീരുമാനിച്ചത്;

(ഡി) അവർക്ക് സ്ഥലം നൽകുന്നതിനായി തുടർ നടപടികൾ എടുത്തിട്ടുണ്ടോ?

**<u>ഉത്തരം</u>**

**പ്രൊഫ. കെ.വി.തോമസ് (ഫിഷറീസും, വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) കുമരകത്തിനടുത്തുള്ള പാതിരാമണൽ ദ്വീപും ബേക്കൽ ടൂറിസം പദ്ധതിയുടെ ഭാഗമായി ബേക്കൽ ടൂറിസം വികസന കോർപ്പറേഷൻ വികസിപ്പിച്ചെടുത്ത റിസോർട്ട് സൈറ്റ് നമ്പർ അഞ്ചും ടൂറിസ്റ്റ് റിസോർട്ട് (കേരള) ലിമിറ്റഡിന് പങ്കാളിത്തമുള്ള ഒബ്റോയ്, കേരള ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ലിമിറ്റഡിനും (ഒ.കെ.എച്ച്.ആർ.എൽ) ബേക്കൽ റിസോർട്ട സൈറ്റ് നമ്പർ രണ്ട് ടാജ് കേരള ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ലിമിറ്റഡ് (റ്റി.കെ.എച്ച്.ആർ.എൽ)നും കൈമാറാൻ തീരുമാനമെടുത്തിരുന്നു.

(ബി) ടൂറിസം ഡിപ്പാർട്ടുമെന്റിനു കീഴിലുള്ള പാതിരാമണലിലെ 49.86 ഏക്കർ സ്ഥലവും ബേക്കൽ റിസോർട്ട് സൈറ്റ് നമ്പർ അഞ്ചിലെ 28.62 ഏക്കർ സ്ഥലവും ഒബ്റോയ് കേരള ഹോട്ടൽസ് ആന്റ് റിസോർട്ട് ലിമിറ്റഡിനും ബേക്കലിലെ റിസോർട്ട് സൈറ്റ് നമ്പർ രണ്ടിലെ 45.94 ഏക്കർ സ്ഥലം ടാജ് കേരള, കേരള ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ലിമിറ്റഡിനും നൽകാനാണ് തീരുമാനിച്ചിരുന്നത്.

(സി) താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരമാണ് പ്രസ്തുത സ്ഥലം നൽകുന്നതിന് തീരുമാനിച്ചത്.

1. പാട്ടക്കാലാവധി ആദ്യം (30) മുപ്പതു വർഷത്തേക്കായിരിക്കും. ഇത് ഉഭയകക്ഷി സമ്മതപ്രകാരം വീണ്ടുമൊരു (30) മുപ്പതു വർഷത്തേക്കും അതിനുശേഷം സർക്കാരിന്റെ ഇഷ്ടപ്രകാരം മറ്റൊരു (30) മുപ്പതു വർഷത്തേക്കും നീട്ടാവുന്നതാണ്.
2. സ്ഥലത്തിന്റെ പാട്ടവാടക നിശ്ചയിക്കുന്ന സ്ഥലവിലയുടെ 8% ആയിരിക്കും. പാട്ടവാടക ഓരോ പത്തുവർഷം കൂടുംതോറും പുതുക്കാവുന്നതാണ്. എന്നാൽ അപ്പോഴുണ്ടാകുന്ന വർദ്ധന നിലവിലുള്ള വാടകയുടെ 40% കൂടുതൽ വരാത്ത വിധമായിരിക്കും.
3. പാട്ടത്തിന് നൽകുന്ന സ്ഥലത്തിന്റെ വില താഴെ പറയുന്ന സ്ഥലത്തിന്റെ വില താഴെപ്പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന കമ്മിറ്റിയായിരിക്കും നിശ്ചയിക്കുക
    1. സെക്രട്ടറി (ടൂറിസം)
    2. സെക്രട്ടറി (എക്സ്പെൻഡിച്ചർ), ധനകാര്യവകുപ്പ്
    3. സെക്രട്ടറി (റവന്യൂ)
    4. ബന്ധപ്പെട്ട ജില്ല കളക്ടർ
    5. മാനേജിംഗ് ഡയറക്ടർ, ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ
4. പ്രോജക്ട് പ്രവർത്തനം ആരംഭിക്കുന്ന തീയതിയോ സ്ഥലം കൈമാറി രണ്ടുവർഷം തികയുന്ന തീയതിയോ ഏതാണ് ആദ്യം അതുമുതലായിരിക്കും പാട്ടവാടക നൽകേണ്ടത്.

(ഡി) തുടർ നടപടികൾ ഇനിയും പൂർത്തിയായിട്ടില്ല.

## ജിം-ൽ ടൂറിസം വകുപ്പ് അവതരിപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ

40. ശ്രീ. സാജുപോൾ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വകാര്യ സംരംഭകരുമായി ടൂറിസം വകുപ്പ് ഏതെങ്കിലും പദ്ധതികളുടെ കാര്യത്തിൽ ധാരണയായിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളുടെ കാര്യത്തിൽ ഏതെല്ലാം വ്യക്തികളും സ്ഥാപനങ്ങളുമായിട്ടാണ് ധാരണയായിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) ടൂറിസം വകുപ്പ് ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ ധാരണപത്രത്തിലൊപ്പിട്ട് പദ്ധതികളോരോന്നിന്റെയും ഇപ്പോഴത്തെ ഘട്ടം വിശദമാക്കാമോ; ഫീസിബിലിറ്റി സ്റ്റഡീസ് നടത്തിയ പദ്ധതികളേവ;

(ഡി) ഇവയിൽ ടെണ്ടർ നടപടിക്രമങ്ങളിലൂടെ സംരംഭകരെ തീരുമാനിക്കേണ്ടുന്ന പദ്ധതികൾ വല്ലതും ഉണ്ടോ;

(ഇ) ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ട് എത്ര ടൂറിസം പദ്ധതികൾ ഇതിനകം പ്രാവർത്തികമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; അടുത്ത മൂന്ന് വർഷത്തിനകം നിലവിൽ വരുത്താൻ കഴിയുമെന്നു കരുതുന്ന എന്തെങ്കിലും പദ്ധതി ഉണ്ടോ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ)&(ബി) ഉണ്ട്. ടൂറിസം രംഗവുമായി ബന്ധപ്പെട്ട് അംഗീകരിച്ച വിവിധ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം എ കണ്ടാലും)

(സി) അമ്യൂസ്മെന്റ് പാർക്ക്, വേളി:- വേളി ടൂറിസ്റ്റ് വില്ലേജിനു സമീപം അന്താരാഷ്ട്ര നിലവാരമുള്ള ഒരു അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിക്കുവാൻ അബുദാബിയിൽ ആസ്ഥാനമുള്ള സതേൺ ഫൺ സിറ്റിയുമായി ധാരണയായിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) പദ്ധതികളൊന്നും ഇതിനകം പ്രാവർത്തികമായിട്ടില്ല.

## ഗസ്റ്റ് ഹൗസുകൾ സർക്കാരിതര സ്ഥാപനങ്ങൾക്ക് നൽകുന്ന നടപടി

41. ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ടൂറിസം വകുപ്പിനുകീഴിലുള്ള ഗസ്റ്റ് ഹൗസുകൾ സർക്കാരിതര സ്ഥാപനങ്ങൾക്കോ സ്വകാര്യ സംരംഭകർക്കോ പാട്ടത്തിനോ ബി.ഒ.ടി. അടിസ്ഥാനത്തിലോ നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഗസ്റ്റ് ഹൗസുകളാണ് ഇങ്ങനെ നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച നടപടിക്രമങ്ങളും മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**പ്രൊഫസർ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) ഇല്ല.

(ബി) & (സി)

മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

## ആദിവാസി സമരത്തിനാധാരമായ കാര്യങ്ങൾ

42. ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. ടി.കെ. ബാലൻ:

ശ്രീ. വി. ചെന്താരാമാക്ഷൻ:

ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആദിവാസി സമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ അവശതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനത്തെ ആദിവാസികൾ ഇപ്പോഴും സമരത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി)ആദിവാസിക്ഷേമസമിതി നടത്തിവരുന്ന സമരത്തിനാധാരമായി സർക്കാരിനു സമർപ്പിച്ച നിവേദനത്തിലുണ്ടായിരുന്ന ആവശ്യങ്ങൾ എന്തൊക്കെയാണ്;

(സി) സംസ്ഥാന സർക്കാർ ആദിവാസി സംഘടനാ പ്രതിനിധികളുമായി ഇതിനകം നടത്തിയ ചർച്ചകളിൽ ഏതെല്ലാം സംഗതികളിൽ എന്തെല്ലാം തീരുമാനങ്ങളായിരുന്നു എടുത്തിരുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഈ തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഭൂരഹിതരായ ആദിവാസികൾക്ക് എന്ത് തീയതിക്ക് മുൻപ് ഭൂമി നൽകുമെന്നായിരുന്നു തീരുമാനിച്ചിരുന്നത്;

(എഫ്) ആദിവാസികൾക്ക് നൽകുന്നതിനായി എവിടെയെല്ലാം എത്ര ഏക്കർ വീതം ഭൂമി കണ്ടെത്തിയിട്ടുണ്ട്;

(ജി) ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിലുള്ള സമരത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെല്ലാം സ്ഥലങ്ങളിൽ എത്ര പേർ കുടിയേറി താമസം ഉറപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) രേഖാമൂലം ആലശ്യങ്ങളൊന്നും ഉന്നയിച്ചതായി കാണുന്നില്ല.

(സി) അനുബന്ധം 1 ആയി ചേർക്കുന്നു.

(ഡി) അനുബന്ധം (2) ആയി ചേർക്കുന്നു.

(ഇ) പ്രത്യേക തീയതി ഒന്നും നിശ്ചയിച്ചിരുന്നില്ല.

(എഫ്)

| ജില്ല | സ്ഥലം | വിസ്തീർണ്ണം(ഏക്കർ) |
|---|---|---|
| തിരുവനന്തപുരം | ചെറ്റച്ചൽ | 31.96 |
| ഇടുക്കി | ചിക്കനാൽ | 729.00 |
| | കെ.ഡി.എച്ചിലേയ്ക്ക് | 148.20 |
| കോഴിക്കോട് | പേരാംപ്ര | 463.67 |
| കോഴിക്കോട് | വട്ടച്ചിറ | 55.00 |
| വയനാട് | കാരാപ്പുഴ | |
| | പ്രോജക്ട് ഭൂമി | 91.82 |
| | കുന്നത്തിട്ടവക | 23.00 |
| | സുഗന്ധഗിരി | 3705.00 |
| | പൂക്കോട് | 1313.79 |

(ജി) വിവരം ലഭ്യമല്ല.

## വിദേശികളുടെ ഗിരിവർഗ്ഗ മേഖലാ സന്ദർശനം

43. ശ്രീ. കെ.സി. ജോസഫ്:

ശ്രീ. ഡി. സുഗതൻ:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ. എ.കെ. മണി:

ശ്രീ. എ.എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക –പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ട്രൈബൽ ടൂറിസം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിന് പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ?

(സി) വിദേശികൾ ഗിരിവർഗ്ഗ ഭവനങ്ങളിൽ താമസിക്കുന്നതിന് ഗിരിവർഗ്ഗക്കാരുടെ ആരോഗ്യ സാമൂഹിക പ്രശ്നങ്ങളെ ഏതുവിധത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ട്രൈബൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നവർ ആദിവാസികളുടെ മരുന്ന് സംബന്ധമായ വിജ്ഞാനം കരസ്ഥമാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) മരുന്ന് സംബന്ധമായ വിജ്ഞാനം ആദിവാസികൾ വിദേശികൾക്ക് പകരുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ;

(ജി) വിദേശ ടൂറിസ്റ്റുകൾ ഗിരിവർഗ്ഗ മേഖലയിൽ കാണുന്ന അപൂർവ്വ ഇനം പച്ചിലമരുന്നുകൾ ഉണക്കിക്കൊണ്ടുപോകാറുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) വിദേശികൾ ഗിരിവർഗ്ഗഭവനങ്ങളിൽ താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഇല്ല

(എഫ്) മരുന്നു സംബന്ധമായ വിജ്ഞാനം ആദിവാസികൾ വിദേശികൾക്ക് പകരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഇല്ല.

(എച്ച്) ഉദിക്കുന്നില്ല.

## വൈദ്യുതി മോഷണം ഫലപ്രദമായി തടയുന്നതിന് പുതിയ സംവിധാനം

44. ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വൈദ്യുതി മോഷണം ഫലപ്രദമായി തടയുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

**ഉത്തരം**

**(ശ്രീ. കടവൂർ ശിവദാസൻ( വിദ്യുച്ഛക്തി വകുപ്പു മന്ത്രി):-**

(എ) & (ബി) ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ (വിജിലൻസ് ആന്റ് സെക്യൂരിറ്റി) മേൽ നോട്ത്തിലും ഡെപ്യൂട്ടി ചീഫ് എൻജിനീയറുടെ (ആന്റി പവർ തെഫ്റ്റ് സ്ക്വാഡ്) നിയന്ത്രണത്തിലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രമാക്കി ഓരോ ആന്റി പവർ തെഫ്റ്റ് റീജിയണൽ യൂണിറ്റും അതിന് കീഴിൽ തിരുവനന്തപുരം റീജിയണൽ യൂണിറ്റിൽ തിരുവനന്തപുരത്തും കോട്ടയത്തുമായി രണ്ടും കൊച്ചി റീജിയിണൽ യൂണിറ്റിൽ എറണാകുളം റീജിയണൽ യൂണിറ്റിൽ എറണാകുളം വാഴത്തോപ്പ്, പാലക്കാട് ആയി മൂന്നും കോഴിക്കോട് റീജിയണൽ യൂണിറ്റിൽ കോഴിക്കോട്, കാസറഗോഡ്, കൽപ്പറ്റ എന്നിവിടങ്ങളിൽ ആയി മൂന്നും ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ നിലവിൽവന്നു. കൂടാതെ കഴിഞ്ഞ എട്ട് വർഷമായി ഹൈടെൻഷൻ/എക്സ്ട്രാ ഹൈടെൻഷൻ മേഖലയിലെ വൈദ്യുതി മോഷണ പരിശോധന, ചീഫ് എൻജിനിയറുടെ (കൊമേഴ്സ്യൽ) മേൽ നോട്ടത്തിൽ കോട്ടയത്തും കോഴിക്കോടും പ്രവർത്തിച്ചിരുന്ന രണ്ട് സ്പെഷ്യൽ സ്ക്വാഡുകൾക്കായിരുന്നു. മേൽ ചുമതലകൾകൂടി പുതിയതായി രൂപീകരിച്ച സ്ക്വാഡുകൾക്ക് നൽകിക്കൊണ്ട് പഴയ സ്പെഷ്യൽ സ്ക്വാഡുകൾ റദ്ദാക്കി. ആന്റി പവർ തെഫ്റ്റ് പ്രവർത്തനങ്ങൾ എല്ലാം ബോർഡിലെ ചീഫ് സെക്യൂരിറ്റി ഓഫീസറുടെ മേലധികാരത്തിൽകൊണ്ട് വരികയും ആയതിന് ചുമതലക്കാരായി മൂന്ന് എക്സിക്യൂട്ടീവ് എൻജിനിയർമാരെ (ആന്റി പവർതെഫ്റ്റ് യൂണിറ്റ്) തിരുവനന്തപുരം , എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിൽ നിയമിക്കുകയും ചെയ്തു. വൈദ്യുതി മോഷണം ഫലപ്രദമായി തടയുന്നതിന് കേരള സർക്കാർ 1.4.2003-ൽ ദി. ഇൻഡ്യൻ ഇലക്ട്രിസിറ്റി (കേരള അമന്റ്മെന്റ്) ഓർഡിനൻസ്-2003 പുറപ്പെടുവിച്ചിട്ടുണ്ട്.

## ഫിഷറീസ് റോഡുകളുടെ നിർമ്മാണം

45. ശ്രീ. എം.എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുതുതായി ഫിഷറീസ് റോഡുകൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**പ്രൊഫസർ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) വെളിപ്പെടുത്താം. 505 കോടി രൂപ ചെലവു വരുന്ന ഒരു പദ്ധതി നടപ്പിലാക്കാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ റോഡ് നിർമ്മാണത്തിനായി 208 കോടി രൂപയ്ക്കുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 1850 കി.മീ. റോഡ് 5 കൊല്ലംകൊണ്ട് നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നു.

## വൈദ്യുതോൽപ്പാദന വർദ്ധനവിന് സ്വീകരിച്ച നടപടികൾ

46. ശ്രീ. എം. കുമാരൻ:
ശ്രീ. കെ.പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങളും ഉൽപ്പാദനവും മെച്ചപ്പെടുത്തുന്നതിനായി എ.ഡി.ബി. മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെല്ലാം;

(ബി) മുൻകാലങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ 24 മാസക്കാലത്തിനിടയിൽ അധിക വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) സംസ്ഥാനത്ത് ദിനംതോറും വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ആവശ്യം നേരിടുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പ് മന്ത്രി):-**

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങളും ഉൽപ്പാദനവും മെച്ചപ്പെടുത്തുന്നതിനായി എ.ഡി.ബി. ബോർഡിന് നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

(ബി) കഴിഞ്ഞ 24 മാസങ്ങളിൽ, സംസ്ഥാനത്ത് കൂത്തുങ്കൽ, ബി.എസ്.ഇ.എസ് എന്നീ സ്വകാര്യ നിലയങ്ങളിൽ നിന്നും മലംപുഴ ചെറുകിട ജലവൈദ്യുതി പദ്ധതിയിൽ നിന്നും പുതുതായി വൈദ്യുതി ഉൽപ്പാദിപ്പിച്ചു തുടങ്ങിയിട്ടുണ്ട്.

| | | |
|---|---|---|
| കൂത്തുങ്ങൽ | – | 21.0 മെഗാവാട്ട് |
| ബി.എസ്.ഇ.എസ് | – | 157.0 മെഗാവാട്ട് |
| മലംപുഴ | – | 2.5 മെഗാവാട്ട് |
| ആകെ | – | 180.5 മെഗാവാട്ട് |

കൂടാതെ 24 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദന ശേഷിയുള്ള വഴിക്കടവ് പദ്ധതിയും കമ്മീഷൻ ചെയ്തിട്ടുണ്ട്.

(സി) 440 എം. ഡബ്ലിയു ശേഷിയുള്ള വിവിധ ജലവൈദ്യുതി പദ്ധതികൾ 10-ാം പഞ്ചവത്സര പദ്ധതിയിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സ്വകാര്യ സംരംഭകരിൽ നിന്നും 500 എം.ഡബ്ല്യൂ ന്റെ താപവൈദ്യുതി ലഭ്യമാക്കുന്നതിന്റെ നടപടികളും സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ 161 എം.ഡബ്ല്യൂ ശേഷി പ്രതീക്ഷിക്കുന്ന 61 ചെറുകിട ജലവൈദ്യുത പദ്ധതികളും സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുപുറമെ സെൻട്രൽ പൂളിൽ നിന്നും 720 എം.ഡബ്ല്യു (പുതിയ പദ്ധതികൾ) പത്താം പദ്ധതിക്കാലത്ത് ലഭ്യമാക്കുന്നതാണ്.

## <u>ശുദ്ധജലവിതരണത്തിന് പബ്ലിക് ടാപ്പുകൾ</u>

47. ശ്രീ. എ. സുജനപാൽ:
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ:
ശ്രീ. ജോർജ് ജെ. മാത്യു:
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇപ്പോൾ സംസ്ഥാന വാട്ടർ അതോറിറ്റിയുടെ ശുദ്ധജല വിതരണ സംരംഭങ്ങളിൽ ഒട്ടാകെ എത്ര പബ്ലിക് ടാപ്പുകളുണ്ട്;

(ബി) ഇവ മുഖേന എത്രപേർക്ക് സൗജന്യമായി ശുദ്ധജലം നൽകുന്നുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്;

(സി) സൗജന്യമായി ശുദ്ധജലം നൽകുന്ന നടപടിക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പു മന്ത്രി):-**

(എ) കേരള വാട്ടർ അതോറിറ്റിയുടെ 31.3.2002 ലെ കണക്കുപ്രകാരം വിവിധ കോർപ്പറേഷനുകളുടെ പരിധിക്കുള്ളിൽ 19728ഉം മുനിസിപ്പൽ പ്രദേശങ്ങളിൽ 23505 ഉം ഗ്രാമപ്രദേശങ്ങളിൽ 134027 ഉം പബ്ലിക് ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ആകെ 177260 പബ്ലിക് ടാപ്പുകൾ സംസ്ഥാനത്തൊട്ടാകെ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഒരു പബ്ലിക് ടാപ്പിൽ നിന്നും ശരാശി 30 പേർക്ക് ശുദ്ധജലം നൽകുന്നുണ്ടെന്ന് കണക്കാക്കി മൊത്തം 5,317,800 പേർക്ക് വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പബ്ലിക് ടാപ്പുകളിൽ നിന്ന് ശുദ്ധജലം ലഭിക്കുന്നുണ്ട്. എന്നാൽ അത് വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സൗജന്യമായിട്ടല്ല നൽകുന്നത്. കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പ്രദേശങ്ങളിലെ പബ്ലിക് ടാപ്പൊന്നിന് പ്രതിവർഷം 2628 രൂപനിരക്കിലും ഗ്രാമപ്രദേശങ്ങളിലെ ടാപ്പൊന്നിന് പ്രതിവർഷം 1750 രൂപ നിരക്കിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വെള്ളക്കരം അടയ്ക്കേണ്ടതുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകൾ വഴി വിതരണം ചെയ്യുന്ന ശുദ്ധജലത്തിന് വെള്ളക്കരം മേൽപ്പറഞ്ഞ നിരക്കനുസരിച്ച് അടയ്ക്കേണ്ടുന്ന സംപ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിനു മാറ്റം വരുത്താൻ ഇപ്പോൾ ഉദ്ദേശമില്ല.

## ഗ്രാമീണ വിനോദസഞ്ചാര വികസന പദ്ധതി

48. ശ്രീ. ജോണി നെല്ലൂർ:
ശ്രീ. ഷിബു ബേബിജോൺ:
ശ്രീ. കെ.കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗ്രാമീണ വിനോദസഞ്ചാര വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഏതെങ്കിലും സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളോ വ്യക്തികളോ മുതൽ മുടക്കാൻ തയ്യാറായി സർക്കാരിനെ സമീപിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

**ഉത്തരം**

**പ്രൊഫസർ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) ഗ്രാമീണ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് കൊച്ചിയിലെ കുമ്പളങ്ങിയിൽ ഒരു ടൂറിസം പ്രോജക്ട് വികസിപ്പിച്ചെടുക്കാൻ പരിപാടിയുണ്ട്. അതിനുവേണ്ടി വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് ഇൻത്യാ ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

## കുടിവെള്ളത്തിന്റെ ഉൽപ്പാദനച്ചെലവ് കണക്കാക്കുന്ന ഘടകങ്ങൾ

49. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. ടി.യു. രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു:
ശ്രീ. എൻ. ശക്തൻ:
ശ്രീ. പി.ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇപ്പോൾ കുടിവെള്ളത്തിന് ഈടാക്കുന്ന വിലയെത്രയാണ്;

(ബി) ഇത്രയും വെള്ളത്തിന്റെ ഉൽപ്പാദനച്ചെലവെത്രയാണ്;

(സി) ഉൽപ്പാദനച്ചെലവ് കണക്കാക്കുന്നതിന് എന്തെല്ലാം ഘടകങ്ങളാണ് കണക്കിലെടുത്തിട്ടുള്ളത്;

(ഡി) കുടിവെള്ളത്തിന്റെ വില വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പു മന്ത്രി):-**

(എ) 23..3..1999 ലെ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 20/99/ഇറി.വ. പ്രകാരമുള്ള നിരക്കുകളാണ് നിലവിലുള്ളത്. അതിന്റെ വിശദാംശം അനുബന്ധത്തിൽ പറഞ്ഞിട്ടുണ്ട്.

(ബി) 2000-01 ലെ കണക്കനുസരിച്ച് ഒരു കിലോ ലിറ്റർ കുടിവെള്ളത്തിന്റെ ഉൽപ്പാദനച്ചെലവ് 8 രൂപ 60 പൈസയായി കണക്കാക്കിയിരിക്കുന്നു.

(സി) ഉല്പാദനച്ചെലവ് കണക്കാക്കുന്നതിന് താഴെപറയുന്ന ഘടകങ്ങൾ ആണ് കണക്കിലെടുത്തിട്ടുള്ളത്.

<u>നേരിട്ടുള്ള ചെലവുകൾ</u>

ഓപ്പറേറ്റർമാരുടെ വേതനം, കറന്റ്ചാർജ് വെള്ളം ശുദ്ധീകരിക്കുന്നതിനാവശ്യമായ രാസപദാർത്ഥങ്ങളുടെ വില എന്നിവ

<u>നേരിട്ടല്ലാതെയുള്ള ചെലവുകൾ</u>

പരിപാലനചെലവുകളും കേടുപാടുകൾ തീർക്കുവാനുള്ള ചെലവുകളും, ഔദ്യോഗിക നിർവഹണത്തിന് വേണ്ടിവരുന്ന ചെലവുകൾ, തേയ്മാന ഇനത്തിൽ വരുന്ന ചെലവുകൾ,

പദ്ധതി നിർവഹണത്തിനെടുത്ത കടത്തിന്റെ പലിശയിനത്തിൽ വരുന്ന ചെലവുകൾ തുടങ്ങിയവ

(ഡി) വെള്ളക്കരം വർദ്ധിപ്പിക്കുവാൻ തീരുമാനം ഒന്നും എടുത്തിട്ടില്ല.

**<u>അട്ടപ്പാടിയിലെ ആദിവാസികൾക്കിടയിൽ പടരുന്ന ലൈംഗിക രോഗങ്ങൾ</u>**

50. ശ്രീ. വർക്കല കഹാർ:
ശ്രീ. വി. ബലറാം:
ശ്രീ. കെ. എ. ചന്ദ്രൻ:
ശ്രീ. കെ.സി. ജോസഫ്:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അട്ടപ്പാടി പ്രദേശത്ത് കഴിഞ്ഞ രണ്ട് വർഷങ്ങൾക്കുള്ളിൽ എത്ര മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്യാമ്പിൽ പരിശോധിക്കപ്പെട്ട ആദിവാസികളിൽ ചിലരിൽ ഉയർന്ന തോതിൽ ലൈംഗിക രോഗങ്ങൾ ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പട്ടികവർഗ്ഗ വകുപ്പ് ഈ രോഗികളുടെ സുരക്ഷയ്ക്കുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ലൈംഗിക രോഗങ്ങൾ ആദിവാസികളിൽ വ്യാപകമായ തോതിൽ പടരാതിരിക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പ് സ്വീകരിച്ച നടപടികളെ കുറിച്ച് വിശദീകരിക്കാമോ?

**ഉത്തരം**

**ഡോ.എം.എ. കുട്ടപ്പൻ( പിന്നോക്ക പട്ടികസമുദായക്ഷേമവകുപ്പു മന്ത്രി):-**

(എ) മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഉപയോഗിച്ച് 1440 ക്യാംപ് സിറ്റിങ്ങുകൾ നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് ചികിൽസാ ധനസഹായം നൽകുന്നു. ആരോഗ്യവകുപ്പ് സംഘടിപ്പിക്കുന്ന ഫാമിലി ഹെൽത്ത് ബോധവൽക്കരണ ക്യാംപുകളിൽ ഇവരെ പങ്കെടുപ്പിച്ചുവരുന്നുണ്ട്. എസ്.റ്റി പ്രൊമോട്ടർമാർ മുഖേന ബോധവൽക്കരണം നടത്തുന്നുണ്ട്. പാലക്കാട് ജില്ലയിലെ എല്ലാ ആദിവാസികൾക്കും 2002-2003ൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാർക്കായി ഹെൽത്ത് പ്രോജക്ടിന്റെ ഭാഗമായി ഒരു ഒ.പി. ക്ലിനിക്ക് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ക്ലിനിക്ക് കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഊരുകൾതോറും ആരോഗ്യവൽക്കരണ ക്യാപുകളും എസ്.റ്റി. പ്രൊമോട്ടർമാർ മുഖേന ബോധവൽക്കരണവും നടത്തിവരുന്നുണ്ട്.

**<u>മൺസൂൺകാലത്തെ സമ്പൂർണ്ണ മത്സ്യബന്ധ നിരോധനം</u>**

*51. ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മൺസൂൺ കാലത്ത് സമ്പൂർണ്ണ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ബി) കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ കൈക്കൊണ്ടിരിക്കുന്ന തീരുമാനം കേരളത്തിലെ പ്രത്യേക സാഹചര്യങ്ങളിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നിത്യജീവിതം താറുമാറാക്കും എന്ന കാര്യം അംഗീകരിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യം കേന്ദ്രഗവൺമെന്റിനെ ബോധ്യപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ മേഖലയിൽ 2003 ജൂൺ 10 മുതൽ ആഗസ്റ്റ് 15 വരെ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തണമെന്നുള്ള കേന്ദ്രസർക്കാർ നിർദ്ദേശം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങളിൽ ഈ നിർദ്ദേശം മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്ന് സംസ്ഥാനസർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാലാണ് സംസ്ഥാനത്തിന്റെ തീരക്കടലിൽ 2003 ജൂൺ 15 മുതൽ ജൂലൈ 29 വരെയുള്ള 45 ദിവസം ട്രോളിംഗ് നിരോധനം മാത്രമായി പരിമിതപ്പെടുത്തുന്നതിന് സംസ്ഥാനസർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(സി) നടപടികൾ ഇതിനകംതന്നെ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ സമ്പൂർണ്ണ മത്സ്യബന്ധന നിരോധനം പ്രായോഗികമല്ല എന്നു വിവരിച്ച് 8.1.2003-ൽ കേന്ദ്രകൃഷി വകുപ്പുമന്ത്രിക്ക് കത്ത് എഴുതിയിട്ടുണ്ട്. മൺസൂൺ കാലത്തെ മത്സ്യബന്ധന നിയന്ത്രണങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിന് കേന്ദ്രസർക്കാർ വിളിച്ചുകൂട്ടിയ മീറ്റിംഗുകളിൽ ഫിഷറീസ് വകുപ്പുമന്ത്രിയും പ്രിൻസിപ്പൽ സെക്രട്ടറിയും സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയും സമ്പൂർണ്ണ മത്സ്യബന്ധന നിരോധനം കേരളത്തിൽ പ്രായോഗികമല്ല എന്ന വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## മുത്തങ്ങയിലെ ആദിവാസി കുടുംബങ്ങളെ സംരക്ഷിക്കാൻ നടപടി

*52. ശ്രീ. വി.കെ.സി.മമ്മതുകോയ :
ശ്രീ. ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :
ശ്രീ. ശ്രീ. മത്തായി ചാക്കോ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുത്തങ്ങയിലുണ്ടായ സംഭവത്തെത്തുടർന്ന് വയനാട് ജില്ലയിലെ ആദിവാസികൾക്കിടയിൽ ഇപ്പോഴും അരക്ഷിതാവസ്ഥ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഊരുകളിൽനിന്ന് ഭയന്ന് ഓടിപ്പോയ ആദിവാസികുടുംബങ്ങളെല്ലാം തിരിച്ചെത്തിയതായി സ്ഥിരീകരിച്ചിട്ടുണ്ടോ;

(ഡി) ഭയവും ആശങ്കയും മൂലം ഊരുകളിൽ ഇനിയും തിരിച്ചെത്താത്ത കുടുംബങ്ങൾ എത്രയാണെന്നാണ് ട്രൈബൽവകുപ്പ് കണക്കാക്കിയിട്ടുള്ളത്; വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) തൊഴിൽ ഇല്ലാത്തതിനാലും തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ളതിനാലും പട്ടിണി അഭിമുഖീകരിക്കുന്ന കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ആദിവാസികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി) :-**

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.
(സി) ഉണ്ട്.
(ഡി) എല്ലാവരും തിരിച്ചെത്തിയിട്ടുണ്ട്.

(ഇ) കോളനികളിലെ ആദിവാസികൾക്ക് എസ്.ജി.ആർ.വൈ, ഫുഡ്സപ്പോർട്ട് പ്രോഗ്രാം എന്നിവയിൽ ഉൾപ്പെടുത്തി അരിയും പയറും വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ 631 കുടുംബങ്ങൾക്ക് പാത്രങ്ങളും വസ്ത്രങ്ങളും വിതരണം നടത്തിയിട്ടുണ്ട്. അവർക്ക് വേണ്ട വൈദ്യസഹായം എത്തിച്ചുകൊടുത്തിട്ടുണ്ട്.

(എഫ്) ആദിവാസികളുടെ സുരക്ഷിതത്വം എന്നും ഉറപ്പാക്കാറുണ്ട്. എന്നിരുന്നാലും ഏതെങ്കിലും അനിഷ്ടസംഭവങ്ങൾ ഉണ്ടാകുമ്പോൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്താറുണ്ട്.

## പിൽഗ്രിം ടൂറിസം

*53. ശ്രീ. എൻ ശക്തൻ :
ശ്രീ. ടി.എൻ പ്രതാപൻ :
ശ്രീ. എ.കെ. മണി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിൽഗ്രിം ടൂറിസം വികസിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഗുരുവായൂർ, ശബരിമല എന്നീ പിൽഗ്രിം സെന്ററുകളുമായി ഇൻഡ്യയിലെ മറ്റു പ്രസിദ്ധ പിൽഗ്രിം സെന്ററുകളെ ബന്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) മറ്റു സംസ്ഥാനങ്ങളിലെ പ്രസിദ്ധമായ പിൽഗ്രിം സെന്ററുകളിൽ സംസ്ഥാന ടൂറിസം വകുപ്പ് ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) :-**

(എ) ഗുരുവായൂർ, കാലടി, മലയാറ്റൂർ എന്നിവിടങ്ങളിൽ തീർത്ഥാടന ടൂറിസം വികസിപ്പിച്ചെടുക്കുന്നതിനു വേണ്ടി ഇൻഡ്യാഗവൺമെന്റിന് ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിൽനിന്നും മറ്റു സംസ്ഥാനങ്ങളിലെ തീർത്ഥാടനകേന്ദ്രങ്ങളിലേക്ക് ഇപ്പോൾ തന്നെ ബസ്/ട്രയിൻ സർവ്വീസുകൾ ഉണ്ട്.

(സി) ഇക്കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

## വൈദ്യുതിരംഗത്ത് വരുത്തേണ്ട മാറ്റങ്ങൾ

*54. ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ടി.പി. രാമകൃഷ്ണൻ :
ശ്രീ. കെ. പി. സതീഷ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി ബിൽ 2003 പാർലമെന്റ് പാസ്സാക്കിയ സാഹചര്യത്തിൽ കേരളത്തിലെ വൈദ്യുതിരംഗത്ത് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തേണ്ടതെന്ന് ഗവൺമെന്റ് വിലയിരുത്തുകയുണ്ടായോ;

(ബി) ബില്ലിലെ എന്തെല്ലാം നിർദ്ദേശങ്ങളോടാണ് സംസ്ഥാന ഗവൺമെന്റിന് പൊതുവിൽ വിയോജിപ്പ് ഉണ്ടായിരുന്നത്;

(സി) നിയമത്തിലെ വ്യവസ്ഥകൾ നിശ്ചിത കാലയളവിലേക്ക് സംസ്ഥാനത്ത് ബാധകമാക്കാതെയിരിക്കാൻ സംസ്ഥാന ഗവൺമെന്റുകൾക്ക് അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുവാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പുതിയ നിയമവ്യവസ്ഥകൾ നടപ്പാക്കുമ്പോൾ സംസ്ഥാന വൈദ്യുതിബോർഡിൽ ഘടനാപരമായ എന്തൊക്കെ മാറ്റങ്ങൾ വിഭാവനം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) വൈദ്യുതിബോർഡുകളെ സ്വകാര്യവൽക്കരിക്കണമെന്ന ബില്ലിലെ നിർദ്ദേശം നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :-**

(എ)(ബി)(സി)&(ഡി): വൈദ്യുതിബിൽ 2003-ലെ വ്യവസ്ഥകൾ വിശദമായി പരിശോധിച്ചുവരുന്നു.

(ഇ) സംസ്ഥാന വൈദ്യുതി ബോർഡ് സ്വകാര്യവത്ക്കരിക്കുന്നതിന് സർക്കാരിന് ഉദ്ദേശമില്ല.

## ആദിവാസി ആരോഗ്യ പരിരക്ഷാ പദ്ധതി

*55. ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ആരോഗ്യപരിരക്ഷയ്ക്കുവേണ്ടി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതി നിർവ്വഹണം ഏതു ഘട്ടംവരെയായി എന്നറിയിക്കാമോ;

(സി) ആദിവാസികൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക–പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) പാലക്കാട്, വയനാട് ജില്ലകളിലെ പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് 2002–2003 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിവഴി നടപ്പിലാക്കിക്കഴിഞ്ഞു.

(സി) 1) ഏതെങ്കിലും രജിസ്റ്റർ ചെയ്യപ്പെട്ട ആശുപത്രിയിലോ, നഴ്സിംഗ്ഹോമിലോ, ചികിൽസിക്കുന്നതിനായി താമസിച്ച് (കുറഞ്ഞത് 24 മണിക്കൂറെങ്കിലും) ചികിൽസിക്കേണ്ടിവരുന്ന രോഗികൾക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളു. എന്നാൽ കീമോതെറാപ്പി, റേഡിയോതെറാപ്പി, ഫ്രാക്ച്ചർ നേരെയാക്കി പ്ളാസ്റ്റർ ചെയ്യുക, ഡയാലിസിസ് ചെയ്യുക തുടങ്ങിയ പ്രത്യേക സൗകര്യം തേടേണ്ടിവരുന്ന രോഗികൾക്ക് 24 മണിക്കൂർ സമയം ആശുപത്രിയിൽ കഴിച്ചുകൂട്ടേണ്ടിവന്നില്ലെങ്കിൽപ്പോലും ഈ ആനുകൂല്യം ലഭിക്കുന്നതാണ്.

2) ആശുപത്രി ചാർജ്ജുകൾ ശസ്ത്രക്രിയയുടേയും അനുബന്ധമായ എല്ലാ ചെലവുകളുടേയും തുകയാണ് നൽകപ്പെടുന്നത്. അനിവാര്യ സാഹചര്യങ്ങളിൽ (ജീവഹാനിക്കിടനൽകുന്ന) രോഗിയെ ആശുപത്രിയിലേക്കും മടക്കിയും കൊണ്ടുപോകുന്ന വാഹനവാടകയും പുറത്തുനിന്നു വാങ്ങേണ്ടിവരുന്ന മരുന്നുകളുടെ വിലയും (രണ്ടിനവുംകൂടി പരമാവധി 5000 രൂപ) അനുവദിച്ചുനൽകുന്നു. പ്രത്യേക സാഹചര്യം ഉണ്ടായെന്ന ബന്ധപ്പെട്ട അധികാരിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആനുകൂല്യം ലഭിക്കുന്നതിനർഹരായവരെ ഒഴിവാക്കിയ നടപടി

*56. ശ്രീ. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആനുകൂല്യം ലഭിക്കുന്നതിനർഹരായിട്ടുള്ള ചില ജാതികളെ ലിസ്റ്റിൽനിന്ന് ഒഴിവാക്കുകയും മറ്റു ചില വിഭാഗങ്ങളെ ഉൾപ്പെടുത്തുകയും ചെയ്തതിനെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) വിദ്യാലയ പ്രവേശന സമയത്ത് പ്രസ്തുത മാറ്റം പ്രയാസം സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി) :-**

(എ) 14..06..1991–ലെ മന്ത്രിസഭാ തീരുമാനപ്രകാരം കേന്ദ്രഗവൺമെന്റിലേക്ക് അയച്ചിരുന്ന കരട് പട്ടികജാതി ലിസ്റ്റാണ് വിവിധ നടപടിക്രമങ്ങൾ കഴിഞ്ഞ് 2002 ഡിസംബറിൽ പാർലമെന്റിൽ വച്ച് ഭരണഘടനാ (പജ) ഉത്തരവ് (രണ്ടാം ഭേദഗതി) നിയമം പാസ്സാക്കി, 2002 ഡിസംബർ 18–ാം തീയതിയിലെ കേന്ദ്ര ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കുന്നത്. ഇതുപ്രകാരം പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ട കരിപോലൻ, മാവിലൻ സമുദായങ്ങളെ പട്ടികവർഗ്ഗ ലിസ്റ്റിലുൾപ്പെടുത്തിയിട്ടുണ്ട്. വേട്ടുവൻ, പുലയവേട്ടുവൻ സമുദായങ്ങളെ പഴയ കൊച്ചി സംസ്ഥാനത്ത് മാത്രം പട്ടികജാതിയായി നിലനിർത്തുകയും മറ്റു സ്ഥലങ്ങളിൽ പട്ടികജാതി ലിസ്റ്റിൽനിന്നും ഒഴിവാക്കിയിരിക്കുകയുമാണ്. പുതുതായി നേരിയൻ' എന്ന സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാൻഡി, ബല്ലാറ, ഗൊഡഗാളി, ഗോഡാ, പഞ്ചമൻ ഗവറ, ബോയൻ എന്നീ ഏഴു സമുദായങ്ങളെ നിലവിലുള്ള പട്ടികജാതി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 14..06..1991–ലെ മന്ത്രിസഭാ തീരുമാനപ്രകാരം കേന്ദ്രഗവൺമെന്റിലേക്ക് അയച്ചിരുന്ന പട്ടികവർഗ്ഗ ലിസ്റ്റാണ് വിവിധ നടപടിക്രമങ്ങൾ കഴിഞ്ഞ് 2003 ജനുവരിയിൽ പാർലമെന്റിൽവച്ച് പട്ടികജാതി–പട്ടികവർഗ്ഗ ഉത്തരവ് (ഭേദഗതി) നിയമം പാസ്സാക്കി, 2003 ജനുവരി 8–ലെ ഇൻഡ്യാ ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കുന്നത്. ഇത്പ്രകാരം മേൽപ്പറഞ്ഞ കരിംപാലൻ, മാവിലൻ എന്നീ സമുദായങ്ങൾ കൂടാതെ ചോല നായ്ക്കൻ, വയനാട് കാടർ, മലപ്പണിക്കർ, മലവേട്ടുവൻ, തച്ചനാടൻ/തച്ചനാടൻ മൂപ്പൻ, വേട്ടക്കുറുമൻ/ഊരാളി കുറുമൻ എന്നീ 6 സമുദായങ്ങളെക്കൂടി പട്ടികവർഗ്ഗ ലിസ്റ്റിലുൾപ്പെടുത്തിയിട്ടുണ്ട്. കുമ്മാറ, കൊണ്ടകപ്യസ്, കൊണ്ടറെഡ്ഡി,കൊട, മറാട്ടി എന്നീ അഞ്ച് സമുദായങ്ങളെ പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

## പവ്വർ പർച്ചേസ് എഗ്രിമെന്റ്

*57. ശ്രീ. ശ്രീമതി രാധാരാഘവൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി.ജെ. പൗലോസ്:
ശ്രീ. സി.പി. മുഹമ്മദ് :
ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഏതെല്ലാം സ്വകാര്യവൈദ്യുതി ഉൽപ്പാദകരുമായി പവ്വർ പർച്ചേസ് എഗ്രിമെന്റ് നടത്തിയിട്ടുണ്ട് ;

(ബി) ഇവരിൽ നിന്ന് എന്തുവിലയ്ക്ക് വൈദ്യുതി വാങ്ങിക്കൊള്ളാമെന്നാണ് എഗ്രിമെന്റിൽ പറയുന്നത്;

(സി) ഇതിൽ ആരുടെയെല്ലാം പേരിൽ എസ്ക്രോ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്;

(ഡി) ഈ അക്കൗണ്ടിൽ ഇപ്പോൾ എത്ര തുകയുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി) :-**

(എ) കെ.എസ്.ഇ.ബി. താഴെപ്പറയുന്ന സ്വകാര്യ സംരംഭകരുമായി പവ്വർ പർച്ചേസ് എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്.

1. ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ്.
2. കാസർഗോഡ് പവർ കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ്
3. ഡി.സി. പവർ ലിമിറ്റഡ്
4. പ്യൂമ പവർ ലിമിറ്റഡ്

(ബി) വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുന്നതുവരെ ഇന്ധനവില മാത്രമേ നൽകേണ്ടതുള്ളു. അതിനുശേഷം നിശ്ചിത പ്ളാന്റ് ലാഡ് ഫാക്ടറിൽ, ഫിക്സഡ് കോസ്റ്റും വേരിയബിൾ കോസ്റ്റും നൽകേണ്ടതുണ്ട്. ഇവ പദ്ധതിചെലവ്, അതിൽ ഉൾപ്പെട്ടിട്ടുള്ള വിദേശനാണ്യം, വിദേശനാണയ വിനിമയ നിരക്ക്, ഇന്ധനവില, പ്ളാന്റിന്റെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും വേണ്ടിവരുന്ന തുക തുടങ്ങിയ ചെലവുകളെ ആശ്രയിച്ചിരിക്കും.

(സി) &(ഡി) ആരുമായും എസ്ക്രോ അക്കൗണ്ട് തുടങ്ങിയിട്ടില്ല..

## ടൂറിസം മേളകളും ഉത്സവങ്ങളും

*58. ശ്രീ. എ.കെ. ബാലൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ മുൻവർഷങ്ങളിൽ നടത്തിവന്നിട്ടുള്ള മേളകളുടേയും ഉത്സവങ്ങളുടേയും നടത്തിപ്പ് സ്വകാര്യ ഏജൻസികൾക്ക് നൽകുന്നതിനായി സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തീരുമാനം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) അന്താരാഷ്ട്ര പ്രാധാന്യമുള്ള മേളകളും ഉത്സവങ്ങളും സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുക്കാൻ കാരണമായി സർക്കാർ കണക്കാക്കിയിട്ടുള്ള സംഗതികൾ എന്തൊക്കെയാണ്;

(ഡി) നടക്കാനിരിക്കുന്ന ഏതെങ്കിലും ഉത്സവമോ, മേളയോ സംഘടിപ്പിക്കാൻ സ്വകാര്യവ്യക്തിയേയോ, സ്ഥാപനത്തേയോ ഇതിനകം ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) നിശാഗന്ധി നൃത്തോത്സവം, കേരളാ ഗോൾഡ് ഫെസ്റ്റിവൽ, നാഷണൽ ബോട്ട്ഷോ മേളകൾ എന്നിവ നടത്തുന്നതിന് ടെണ്ടർ വിളിക്കുകയുണ്ടായോ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) :-**

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ മുൻവർഷങ്ങളിൽ നടത്തിവന്നിട്ടുള്ള ചില മേളകളുടേയും പുതുതായി ആരംഭിക്കുന്ന ചില മേളകളുടേയും നടത്തിപ്പ് സ്വകാര്യഏജൻസികൾക്ക് നൽകുന്നതിനായി സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് 20.3.2003–ലെ സർക്കാർ ഉത്തരവു പ്രകാരം ഇവന്റ് മാനേജർമാരെ തെരഞ്ഞെടുക്കുന്നതിനായി ടൂറിസം സെക്രട്ടറി ചെയർമാനായും, സെക്രട്ടറി, ഫൈനാൻസ് എക്സ്പെൻഡിച്ചർ, സെക്രട്ടറി പ്ളാനിംഗ്, മാനേജിംഗ് ഡയറക്ടർ കെ.ടി.ഡി.സി എന്നിവർ മെമ്പർമാരായും ഡയറക്ടർ ടൂറിസം കൺവീനറായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഇവന്റ് മാനേജർമാരെ ഏൽപ്പിക്കുന്നതുമൂലം കൂടുതൽ പ്രൊഫഷണലായി മേളകൾ സംഘടിപ്പിക്കുവാൻ കഴിയും എന്നാണ് സർക്കാർ നിഗമനം.

(ഡി) ഉണ്ട്.

(എ) നിശാഗന്ധി ഫെസ്റ്റിവൽ–ഗ്രേറ്റ് ഇൻഡ്യ ഇവന്റ്, തിരുവനന്തപുരം
(ബി) കേരള ഗോളഡ് ഫെസ്റ്റിവൽ–പ്രൈം ടഐം അൺ ലിമിറ്റഡ്, കൊച്ചി
(സി) മിസ്റ്റിക് ഓഫ് മലബാർ–ഹ്യൂസ് അഡ്വർറ്റൈസിംഗ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.
(ഡി) ഇൻഡ്യാ ഇന്റർ നാഷണൽ ബോട്ട്ഷോ സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം

(ഇ) 1..2..2003–ലെ മലയാള മനോരമ, ന്യൂ ഇൻഡ്യൻ എക്സ്പ്രസ് എന്നീ ദിനപ്പത്രങ്ങളിലെ എല്ലാ പതിപ്പിലും ടൂറിസം വകുപ്പ് മേൽപ്പറഞ്ഞ മേളകൾ സംഘടിപ്പിക്കുന്നതിന് പരിചയ സമ്പന്നരായ ഇവന്റ് മാനേജേഴ്സിനെ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം നൽകുകയുണ്ടായി. പ്രസ്തുത പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിൽ നിന്നുമാണ് ഈ മേളകളുടെ നടത്തിപ്പുകാരെ തെരഞ്ഞെടുത്തിട്ടുള്ളത്.

## വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ നടപടി

*59. ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഇന്നു നേരിടുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ കാരണങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനം നേരിടുന്ന രൂക്ഷമായ വൈദ്യതിപ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാനത്ത് ആണവ നിലയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി):-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോഴുള്ള വൈദ്യുതി പ്രതിസന്ധി കഴിഞ്ഞ വർഷവും ഈ വർഷവും മഴ പ്രതീക്ഷിച്ചതുപോലെ ലഭിക്കാത്തതുകൊണ്ടാണ്.

(സി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. ജലവൈദ്യുതിയുടെ പ്രതിദിന ഉല്പാദനം 7.5 എം.യു ആയി നിയന്ത്രിച്ചു.
2. ഓഫ്-പീക്ക് സമയത്ത് പവർ ട്രേഡിംഗ് കോർപ്പറേഷനിൽ നിന്നും 100 എം. ഡബ്ള്യൂ വൈദ്യുതി 10.3.2003 മുതൽ വാങ്ങുന്നു.
3. മാർച്ച് 16 മുതൽ മേയ് 31 വരെ സതേൺ റീജിയണിൽ നിന്നുള്ള അൺ അലോക്കേറ്റഡ് ഷെയർ കേന്ദ്രസർക്കാരിൽ നിന്നും 100 എം.ഡബ്ള്യൂ ആയി കൂട്ടി വാങ്ങി.
4. ഈസ്റ്റേൺ റീജിയണിൽ നിന്നും 100 എം.ഡബ്ള്യൂ വൈദ്യുതി അധികമായി അനുവദിച്ചു തരാൻ ആവശ്യപ്പെടുകയും അത് ലഭിക്കുകയും ചെയ്തു.
5. ബോർഡിന്റെ താപനിലയങ്ങളായ ബി.ഡി.പി.പി.യുടേയും കെ.ഡി.പി.പി.യുടേയും വൈദ്യുതോൽപ്പാദനം വർദ്ധിപ്പിച്ചു.
6. എൻ.ടി.പി.സി. യുടെ കായംകുളം നിലയത്തിന്റെയും ബി.എസ്.ഇ.എസ്.ന്റെയും വൈദ്യുതോൽപ്പാദനം വർദ്ധിപ്പിച്ചു.

(ഡി)&(ഇ) ആണവ നിലയം സ്ഥാപിക്കുന്നതിനുള്ല സാദ്ധ്യതകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സയൻസ് ആന്റ് ടെക്നോളജി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## <u>'പാലസ് ഓൺ വീൽസ്' എന്ന വിനോദസഞ്ചാര തീവണ്ടി കേരളത്തിലോടിക്കുന്നതിന് നടപടി</u>

*60. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എം. മുരളി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിനോദസഞ്ചാരികളെ വളരെയധികം ആകർഷിക്കുന്ന 'പാലസ് ഓൺ വീൽസ്' എന്ന വിനോദസഞ്ചാര തീവണ്ടി കേരളത്തിലേയ്ക്ക് നീട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന് പ്രോൽസാഹജനകമായ മറുപടി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ട്രെയിൻ കേരളത്തിലോടിക്കാനുദ്ദേശിക്കുന്നത് ഏത് സീസണിലാണ്; ഈ സംരംഭത്തിൽ സമീപ സംസ്ഥാനങ്ങളുടെ സഹകരണം തേടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**പ്രൊഫ. കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ)&(ബി) സംസ്ഥാന വിനോദസഞ്ചാര വകുപ്പ് രാജസ്ഥാൻ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ ഇതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ 'ഓഫ്സീസൺ' സമയത്ത് വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്ന വിധത്തിലാണ് രൂപരേഖ തയ്യാറാക്കിവരുന്നത്. ഈ സംരംഭത്തിൽ അയൽ സംസ്ഥാനങ്ങളായ തമിഴ്നാടിന്റെയും കർണ്ണാടകയുടേയും സഹകരണത്തോടെ നടത്താനാണ് ഉദ്ദേശിക്കുന്നത്.